പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1866 | 04.12.2018-ലെ മറുപടിക്ക്

## സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകൾ

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാർ ഇതിനോടകം നടപ്പാക്കിയ പ്രധാന ശിപാർശകൾ ഏതൊക്കെയാണ്; | (എ) | കെ.എസ്.ആർ.റ്റി.സി യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി, പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1.പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ് / കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി വരുന്നു.<br>2. കോർപ്പറേഷനെ സ്വയം പര്യാപ്തമായ മൂന്ന് (3) മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യത്തിലും കെ.എസ്.ആർ.റ്റി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 3100 കോടി രൂപയുടെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് ദൈർഘ്യവുമുള്ള വായ്പയായി മാറ്റിയിട്ടുണ്ട്. ഈ ഇനത്തിൽ പലിശ ഭാരം കുറയ്ക്കാൻ കഴിഞ്ഞതു വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം 60 കോടിയോളം രൂപ മിച്ചം കിട്ടുന്നുണ്ട്.<br>4.ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവനസമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.<br>6. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle -ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>7. മാനവവിഭവശേഷി കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും മൾട്ടിപ്പിൾ ഡ്യൂട്ടി സമ്പ്രദായം ഒഴിവാക്കി സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി ബോർഡ് ഓഫ് ഡയറക്ടേഴ്സ് പിരിച്ചുവിട്ട് പ്രൊഫഷണൽ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കണമെന്ന് റിപ്പോർട്ടിൽ ശിപാർശയുണ്ടോ; | (ബി) | റോഡ് ട്രാൻസ്പോർട്ട് മാനേജ്മെന്റിൽ പ്രാവീണ്യം തെളിയിച്ചവർ കൂടി ഉൾപ്പെട്ട കെ എസ് ആർ റ്റി സി ഭരണസമിതി രൂപീകരിക്കുന്നതിന് പ്രൊഫ. സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് മുൻ എം.ഡി സർക്കാരിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ